# KERALA POLICE INFORMATION CENTRE

No.35/PR/PIC/PHQ/10 Date : 27/05/10

## പത്രപരസ്യങ്ങളിലൂടെ ആകർഷകമായ വായ്പാ സൗകര്യം പ്രഖ്യാപിച്ച് പൊതുജനങ്ങളെ വഞ്ചിക്കുന്നു

ഉദാര പരസ്യനിരക്കിൽ പ്രവാസികൾക്കും മറ്റുള്ളവർക്കും വസ്തു വാങ്ങുന്നതിനും വ്യാപാര-വ്യവസായങ്ങൾ തുടങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കും പണം വായ്പ കൊടുക്കുന്നുണ്ടെന്ന് പറഞ്ഞ് പ്രമുഖ പത്രങ്ങളിൽ പരസ്യങ്ങൾ നൽകി ആൾക്കാരെ ആകർഷിച്ച് ചതിയിൽപ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പത്രപരസ്യങ്ങളിൽ ഇത്തരം സാമ്പത്തിക ക്രമീകരണങ്ങൾ നടത്തുന്നവരുടെ മൊബൈൽ നമ്പരുകൾ മാത്രമാണ് നൽകുന്നത്. അവരെ ബന്ധപ്പെടുമ്പോൾ ആകർഷകമായ വാക്കുകളിൽ കാര്യങ്ങൾ അവതരിപ്പിച്ച് ആവശ്യക്കാരനാണെന്ന് ഉറപ്പുവരുത്തിയശേഷം അവർ തീരുമാനിക്കുന്ന സ്ഥലത്ത് ചെല്ലുവാൻ നിർദ്ദേശിക്കുകയും വായ്പ വാങ്ങുവാൻ ഉദ്ദേശിക്കുന്ന തുകയുടെ 25% മുതൽ 50% വരെയുള്ള തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് എഴുതുന്നതിനുള്ള പത്രം അവർ വാങ്ങുമെന്നും അതിനുള്ള തുക കൊണ്ടുവരണമെന്നുമുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ഇത് വിശ്വസിച്ച് ആഗ്രഹിക്കുന്ന തുക വായ്പയായി കിട്ടും എന്ന ചിന്തയാൽ ടി തുകയുമായി നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തുന്നവരിൽ നിന്നും ഇത്തരക്കാരുടെ ഏജന്റ് വന്ന് പണം വാങ്ങി ആവശ്യക്കാരെ തങ്ങൾ താമസിക്കുന്ന മുറികളിലോ ആധാരമെഴുത്ത് ഓഫീസ്, സബ്രജിസ്ട്രാർ ഓഫീസ് എന്നിവയുടെ മുന്നിലോ നിൽക്കുവാൻ നിർദ്ദേശിച്ച ശേഷം മുദ്രപത്രം ഉടനെ വാങ്ങിക്കൊണ്ടുവരാമെന്ന് പറഞ്ഞ് നിർദ്ദയം മുങ്ങുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ പ്രവർത്തിക്കുന്ന ബാങ്ക്, ധനകാര്യ സ്ഥാപനം എന്നിവകളിൽ നിന്നല്ലാതെ ഇത്തരം പരസ്യങ്ങളിൽ ആകൃഷ്ടരായി പണം വായ്പ വാങ്ങാൻ ശ്രമിക്കുന്ന പൊതുജനങ്ങൾ ചതിക്കുഴിയിൽ വീഴുമെന്നുള്ളത് അറിഞ്ഞിരിക്കേണ്ടതാണ്. ആയതിനാൽ ഇത്തരം ആകർഷണീയമായ പരസ്യങ്ങളിൽ വീഴാതെ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. വ്യവസ്ഥാപിത ബാങ്ക്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതാണ് അഭികാമ്യം. ഇത്തരം പരസ്യങ്ങൾ ഏതെങ്കിലും മാധ്യമങ്ങളിലോ മറ്റ് വിധത്തിലോ അറിവിൽ വരികയാണെങ്കിൽ ആയത് ബന്ധപ്പെട്ട പോലീസ് അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.

The contents of this document may be deemed to be based on received information which is subject to further verification